# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.533 6.7.2012-ൽ മറുപടിയ്ക്ക്

## കുടിവെള്ള പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം. എ. ബേബി<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനം നേരിടുന്ന കുടിവെള്ള പ്രശ്നങ്ങളും ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിലെ ഗുരുതരമായ കാലതാമസവും വിലയിരുത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനം നേരിടുന്ന കുടിവെള്ള പ്രശ്നങ്ങളും ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പിലെ ഗുരുതരമായ കാലതാമസവും വിലയിരുത്തിയിട്ടുണ്ട്. |
| (ബി) ജപ്പാൻ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (ബി) ജപ്പാൻ കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്ക് നൽകിയ മറുപടി താഴെ പറയും പ്രകാരമാണ്. |

| പദ്ധതി | ഭാഗിക കമ്മീഷനിംഗ് | പൂർണ്ണം |
|---|---|---|
| തിരുവനന്തപുരം | 18.5.2010 | 31.03.2013 |
| മീനാട് | 24.2.2011 | 31.03.2013 |
| ചേർത്തല | | 03.01.2012 |
| കോഴിക്കോട് | | 31.12.2013 |
| പട്ടുവം | | 31.03.2013 |

ഇതിൽ തിരുവനന്തപുരം പദ്ധതി ഭാഗികമായി 18.5.2010-ൽ കമ്മീഷൻ

ചെയ്തു. പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് 30.9.2013 വരെയെങ്കിലും നീണ്ടുപോകും. വിതരണ ശൃംഖല റീഅറേഞ്ച് ചെയ്യേണ്ടി വരുന്നതിനാലാണിത്. മീനാട് പദ്ധതി 24.2.2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ ബാക്കി പണികളുടെ കരാർ 18.6.2012-ൽ നല്കി. പൂർണ്ണമായ കമ്മീഷനിംഗ് കുറച്ച് നീണ്ടുപോകും.

ചേർത്തല പദ്ധതി 3.1.2012-ൽ പൂർണ്ണമായി കമ്മീഷൻ ചെയ്തു.

കോഴിക്കോട് പദ്ധതി മുൻനിശ്ചയിച്ച പ്രകാരം 31.12.2013-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടുവം പദ്ധതിയുടെ വിതരണ ശൃംഖല ഒഴികെയുള്ള പണികൾ പൂർത്തിയായി. വിതരണ ശൃംഖല പൂർത്തിയാക്കുന്നതിനുള്ള പുതിയ കരാറുകാരുടെ പ്രവർത്തികൾക്ക് ഇനി 6 മുതൽ 12 മാസം വരെ വേണ്ടിവരും.

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് എന്തു തുടർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ | (സി) | **ജൈക്ക പദ്ധതി പൂർത്തീകരിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |

**തിരുവനന്തപുരം ജലവിതരണ വിപുലീകരണ പദ്ധതി**

ഈ പദ്ധതിയുടെ വിതരണ ശൃംഖലയുടെ പണികളാണ് പ്രധാനമായും അവശേഷിക്കുന്നത്. ഇതിനുവേണ്ടി 131.7 കിലോമീറ്റർ പൈപ്പ്ലൈനുകൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്. നിലവിലുള്ള കരാറുകാരൻ (M/s Electro Steel Castings Limited) അവരുടെ പണികൾ

2006 മുതൽ തുടങ്ങിയിട്ടുള്ളതിനാൽ കരാറുമായി മുന്നോട്ടുപോകാനാവില്ലെന്ന് അറിയിച്ചതിനാൽ കരാർ നിയമപ്രകാരം അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ബാക്കി പണികൾക്ക് പുതിയ ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. ഇതിന്റെ ടെക്നിക്കൽ ബിഡ് ഇവാല്യവേഷൻ പൂർത്തിയായി. ജൈക്ക അനുമതി ലഭിച്ചശേഷം പ്രൈസ് ബിഡ് തുറന്ന് കരാറിൽ ഏർ പ്പെടാൻ നടപടി സ്വീകരിക്കും.

പൈപ്പിടുന്നതിനു റോഡുകൾ, പണികളുടെ ഷെഡ്യൂൾ അനുസരിച്ച് നല്കുന്നതിന് പി.ഡബ്ല്യൂ.ഡിയോട് ആവശ്യപ്പെട്ടുന്നതാണ്. അതനുസരിച്ച് 9 മുതൽ 18 മാസം കൊണ്ട് പണികൾ പൂർത്തിയാക്കാൻ സാധിക്കും.

**2. മീനാട് ശുദ്ധജല വിതരണ പദ്ധതി**

ഈ പദ്ധതി 24.2.2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. എന്നാൽ വിതരണശൃംഖലയ്ക്ക് വേണ്ടി ആകെ 924 കിലോമീറ്റർ പൈപ്പിടാനുള്ളതിൽ 724 കിലോമീറ്റർ മാത്രമാണ് മുൻ കരാറുകാരൻ ഇട്ടത്. അതിൽതന്നെ വിവിധ സ്ഥലങ്ങളിൽ ഗ്യാപ്പുകൾ ഉള്ളത് തീർത്ത് പൈപ്പുകൾ തമ്മിൽ ബന്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ ഇട്ട പൈപ്പുകളിൽ 276 കിലോമീറ്റർ ഹൈഡ്രോളിക് ടെസ്റ്റ് നടത്തുവാനുണ്ട്. പ്രസ്തുത പണികൾ ഉൾ പ്പെടെ ചെയ്ത് ബാക്കിയുള്ള പൈപ്പ് ലൈൻ സ്ഥാപിച്ച് വിതരണ ശൃംഖല പൂർത്തിയാക്കുന്നതിനുള്ള കരാർ 18.6.2012ൽ നല്കി. 12 മുതൽ 18 വരെ മാസംകൊണ്ട് പണികൾ

ചെയ്ത് പദ്ധതി ക്രമമായി പൂർത്തിയാക്കി ജലവിതരണം നടത്തുവാൻ സാധിക്കു മെന്ന് പ്രതീക്ഷിക്കുന്നു.

**3. ചേർത്തല ശുദ്ധജല വിതരണ പദ്ധതി**

ഇത് പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ഇപ്പോൾ വാട്ടർ കണക്ഷനുകൾ നല്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

**4. കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതി**

ഈ പദ്ധതിയുടെ പണികൾക്ക് വിവിധ കാരണങ്ങളാൽ കാലതാമസം നേരിട്ടു. ഇത് പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാക്കേജ് -1 — ഇൻ ടേക്ക് വെൽ, വാട്ടർ ട്രീറ്റ് മെന്റ് പ്ലാന്റ് മുതലായവ**

വാട്ടർ ട്രീറ്റ് മെന്റ് പ്ലാന്റിന്റെ പണികൾ 2012 ഡിസംബറോടെ പൂർത്തിയാകു മെങ്കിലും പെരുവണ്ണാമൂഴി റിസർ വോയറിൽ പണിയേണ്ട ഇൻ ടേക്ക് വെല്ലിന്റെ പണികൾ ഈയിടെ മാത്രമേ ആരംഭിക്കുവാൻ സാധിച്ചുള്ളൂ. റിസർ വോയറിൽ പാറപൊട്ടിക്കൽ അസാധ്യമാ യതിനാൽ പുതിയ സ്ഥലം കണ്ടെത്താനും അതിനനുസരിച്ച് വേണ്ടിവന്ന അധിക തുകയുടെ അംഗീകാരം ലഭിക്കുവാനും സമയമെ ടുത്തു. ഇനി 18 മാസം വേണ്ടിവരു മെന്നാണ് കോൺട്രാക്ടർ അറിയിച്ചിട്ടുള്ള തെങ്കിലും കുറഞ്ഞ സമയംകൊണ്ട് പൂർത്തിയാക്കുവാൻ നിർ ദ്ദേശിച്ചിട്ടുണ്ട്.

**പാക്കേജ് 2എ &2ബി ട്രാൻസ് മിഷൻ മെയിൻ**

1830, 1829 എം.എം വ്യാസമുള്ള വലിയ സ്റ്റീൽ പൈപ്പുകൾ ഇടുമ്പോൾ റോഡിന്റെ വശത്തു പാറയുള്ള സ്ഥലങ്ങളിൽ പല വീടുകൾക്കും വൈബറേഷൻ അനുഭവപ്പെടുന്നതിനാൽ പണികൾ മന്ദഗതിയിലായി. പല തർക്ക ങ്ങളും പരിഹരിച്ച് മുന്നോട്ട് പോകേണ്ട തായും വന്നു. ഇനി. 3.4 കിലോമീറ്റർ പൈപ്പുകൾ കൂടി ഇടാനുണ്ട്. അതിലെ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതാണ്. ചെലന്നൂർ എസ്.എൻ.ജി കോളേജിലെ റോഡിൽ കൂടി 450 എം.എം ഡി.1 പൈപ്പ് ലൈൻ കൊണ്ടുപോകുന്നതിനുള്ള അനുവാദവും ലഭ്യമാകേണ്ടതുണ്ട്.

**ii. പാക്കേജ് 3 — വിതരണ ശൃംഖല**

മുൻ കോൺട്രാക്ടറുടെ വീഴ്ച മൂലം, 1865 കിലോമീറ്ററിൽ ഏകദേശം 1200 കിലോമീറ്റർ പൈപ്പ് ഇടുന്നതിന് പുതിയ കരാറിൽ ഏർ പ്പെടേണ്ടിവന്നു. ഇതി നുള്ള രണ്ടു കരാറുകൾ അനുസരിച്ച് 10.5.2012-ൽ പണി ആരംഭിച്ചിട്ടുണ്ട്. മറ്റ് പണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വിതരണ ശൃംഖലയും 18 മാസത്തിനു ള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

**പാക്കേജ് 4 — സർവ്വീസ് റിസർ വോയറുകൾ**

തലക്കുളത്തൂർ, നരിക്കുനി, കാക്കൂർ എന്നിവിടങ്ങളിൽ പണിയേണ്ട സർവ്വീസ്

റിസർ വോയറുകൾക്ക് സ്ഥലം ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. അതിനാൽ ഈ പണികൾ ആദ്യകരാറിൽ നിന്നും വേർപെടുത്തുകയും പുതുതായി ടെണ്ടർചെയ്തിരിക്കയുമാണ്. ടെണ്ടർ ഈ മാസം ലഭിക്കുന്നതാണ്. കോഴിക്കോട് പദ്ധതിയുടെ അവശേഷിക്കുന്ന എല്ലാ പണികളും 2013 ഡിസംബറിനകം പൂർത്തിയാക്കാൻ സാധിക്കും എന്ന് കരുതുന്നു.

**4. പട്ടുവം ശുദ്ധജല വിതരണ പദ്ധതി**

പാക്കേജ് 3 വിതരണ ശൃംഖലയുടെ മുൻ കരാറുകാരൻ ഉപേക്ഷിച്ചുപോയി .461 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചു വരുന്നു. ആകെ മൂന്നു കരാറുകളാണ് നല്കിയിട്ടുള്ളത്. 7.3.2011, 6.5.2011, 12.12.2011 എന്നീ തീയതികളിലാണ് കരാറുകൾ നല്കിയത്.

പദ്ധതി മറ്റു പാക്കേജുകൾ പൂർത്തിയായതിനാൽ 6 മുതൽ 12 മാസം കൊണ്ട് (2012 ജൂലൈ മുതൽ 2013 ജൂൺ വരെ) പണികൾ പൂർത്തിയാക്കി പദ്ധതിയുടെ പ്രയോജനം ക്രമാനുഗതമായി ലഭ്യമാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ